(ബി-ഇ) കാലാകാലങ്ങളിൽ നിയമിക്കപ്പെടുന്ന ശമ്പളക്കമ്മീഷനുകൾ യോഗ്യത യുടെയും വിവിധ വകുപ്പുകളിലെ ജോലി സ്വഭാവത്തിന്റെയും അടിസ്ഥാനത്തിലാണ് തസ്തികകൾക്ക് ശമ്പള സ്കെയിലും മറ്റ് ആനുകൂല്യങ്ങളും ശിപാർശ ചെയ്യുന്നത്. പത്താം ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ടിൽ ഇതുസംബന്ധിച്ച ശിപാർശകളുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

മന്ത്രിമാർക്കായി വാങ്ങിയ വാഹനങ്ങൾ

42 (2858) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സർക്കാർ ഓരോ മന്ത്രിമാരുടെയും ആവശ്യങ്ങൾക്കായി വാങ്ങിയ വാഹനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) ഓരോ മന്ത്രിമാർക്കും നാളിതുവരെ എത്ര വാഹനങ്ങൾ വാങ്ങയിട്ടുണ്ടെന്നും ഏതൊക്കെ വാഹനങ്ങളാണ് വാങ്ങിയിട്ടുള്ളത് എന്നതും സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) വാഹനങ്ങൾ വാങ്ങുന്നതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർക്കുന്നു.*

ഹെഡ്ക്വാർട്ടേഴ്സ് നിയമനം

43 (2859) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിക്കുന്ന ജില്ലാതല ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിലേക്ക് നിയമനം ലഭിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങൾ ഉണ്ടോ; ഒഴിവുകൾ ലഭ്യമാകുന്നമുറയ്ക്ക് ജില്ലാ റിക്രൂട്ട്മെന്റിൽപ്പെട്ട ഇവർക്ക് അന്തർജില്ലാ/വകുപ്പ് മാറ്റങ്ങളുടെ നിബന്ധനകളില്ലാതെ സ്വന്തം ജില്ലയിലേക്ക് മാറ്റം ലഭിക്കാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; വ്യക്തമാക്കുമോ ;

ഉത്തരം

നിയമതടസ്സങ്ങൾ ഇല്ല. 2-12-1991-ലെ G.O(P) 36/91/P&ARD, 6-2-2013-ലെ G.O(P) 5/2013/P&ARD എന്നീ സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

വിധേയമായി ജില്ലാ റിക്രൂട്ട്മെന്റിൽപ്പെട്ട ഹെഡ് ക്വാർട്ടർ നിയമനം ലഭിച്ച ജീവനക്കാർക്ക് മാതൃജില്ലയിലേക്ക് അഞ്ച് വർഷ നിബന്ധന കൂടാതെ തന്നെ മാറ്റം ലഭിക്കുന്നതാണ്.

പാലക്കാട് ജില്ലയിലെ കോടതികൾ

44 (T 2860) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ വിവിധ കോടതികളിലായി എത്ര കേസ്സുകൾ തീർപ്പാക്കുവാനുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജില്ലയിൽ കൂടുതൽ അതിവേഗകോടതികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; നിലവിൽ ജില്ലയിൽ എത്ര അതിവേഗകോടതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) കോടതികളിലെ കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ 22483 സിവിൽ കേസ്സുകളും 39509 ക്രിമിനൽ കേസ്സുകളും തീർപ്പാക്കുവാനുണ്ട്.

(ബി) കീഴ്ക്കോടതികളുടെ പ്രവർത്തനം ഹൈക്കോടതി നിരീക്ഷിക്കുകയും കെട്ടിക്കിടക്കുന്ന കേസ്സുകൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള നടപടി കൈക്കൊള്ളാറുണ്ട്. കേസ്സുകൾ തീർപ്പാക്കുന്നതിനായി special list system, unit system, target fixation എന്നീ രീതികൾ നടപ്പിലാക്കിവരുന്നുണ്ട്. കാലപ്പഴക്കം ചെന്ന കേസ്സുകൾ, മുതിർന്ന പൗരന്മാർ, വിചാരണ തടവുകാർ, പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗം എന്നീ ഗണത്തിൽപ്പെടുന്ന കേസ്സുകൾ തീർപ്പാക്കുന്നതിന് മുൻഗണന നൽകാറുണ്ട്.

(സി) പാലക്കാട് ജില്ലയിൽ അതിവേഗ കോടതികൾ തുടങ്ങുന്നതിനുള്ള ശിപാർശകൾ ഒന്നും നിലവിലില്ല. ഇപ്പോൾ ഒന്നും പ്രവർത്തിക്കുന്നില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly